©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 10 / Vol. X — തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday — 2021 ജനുവരി 19 / 19th January 2021 — 1196 മകരം 6 / 6th Makaram 1196 — 1942 പൌഷം 29 / 29th Pousha 1942 — നമ്പർ / No. 3

## PART III

# Police Department

ലേലപ്പരസ്യം

നമ്പർ ഇ2(എ)-62844/2019/ഇ. 2020 ഡിസംബർ 23.

എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ളതും കളമശ്ശേരി സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് വകുപ്പിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 2020 ഡിസംബർ മാസം 17-ാം തീയതി രാവിലെ 11 മണിക്ക് നടത്തുവാൻ തീരുമാനിച്ചിരുന്ന ലേലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഇലക്ഷനോടനുബന്ധിച്ച് മാറ്റി വച്ചിട്ടുള്ളതാണ്. ടി ലേലം 2021 ജനുവരി മാസം 28-ാം തീയതി രാവിലെ 11 മണിക്ക് കളമശ്ശേരി സായുധസേനാ ക്യാമ്പിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതും താഴെ പറയുന്ന വാഹനങ്ങൾ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതുമാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | KL 01 AV 272 (Invader) | 2009 | 3,500 |
| 2 | KL 01 AS 6187 (Invader) | 2008 | 3,400 |
| 3 | KL 01 AS 6207 (Invder) | 2008 | 3,400 |
| 4 | KL 01 AS 6209 (Invder) | 2008 | 3,200 |
| 5 | KL 01 X 9814 (Hero Honda CT 100) | 2002 | 125 |
| 6 | KL 01 X 9805 (Hero Honda CT 100) | 2002 | 125 |
| 7 | KL 01 X 9709 (Hero Honda CT 100) | 2002 | 125 |
| 8 | KL 01 AH 6634 (Bajaj CT 100) | 2005 | 100 |

Gaz. No. 3/2021/DTP (Police).

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | KL 01 AH 6619 (Bajaj CT 100) | 2005 | 100 |
| 10 | KL 01 AH 2433 (Bajaj CT 100) | 2005 | 100 |
| 11 | KL 01 AS 3504 (Kinetic) | 2007 | 50 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ആയത് കളമശ്ശേരി അസിസ്റ്റന്റ് കമാൻഡന്റ് കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കളമശ്ശേരി അസിസ്റ്റന്റ് കമാൻഡന്റ് കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ "ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്.

ലേലം കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻതന്നെ ലേലത്തുകയുടെ പകുതി സംഖ്യയും (നികുതി ഉൾപ്പെടെ) നിരതദ്രവ്യവും കിഴിച്ച് ലേല സ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി ലേലത്തുക മുഴുവൻ അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ, ആയത് മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും. ലേല വസ്തുക്കൾ ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കളമശ്ശേരി സായുധസേനാ കമാണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ജില്ലാ പോലീസ് ഓഫീസ്, എറണാകുളം.

കാർത്തിക്, കെ., IPS,
ജില്ലാ പോലീസ് മേധാവി.